പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

20.01.2014 -ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1386

## ഉപഭോക്തൃ ക്ലബ്ബുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സ്കൂളുകളിൽ ഉപഭോക്തൃ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാമാക്കുമോ ; | (എ) ഉണ്ട്. സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിൽ 48, എറണാകുളം ജില്ലയിൽ 24, തൃശ്ശൂർ ജില്ലയിൽ 28 എന്നിങ്ങനെ 100 സ്കൂൾ ഉപഭോക്തൃ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. നാല് സന്നദ്ധ ഉപഭോക്തൃ സംഘടനകളുടെ കീഴിലാണ് പ്രസ്തുത ക്ലബ്ബുകൾ പ്രവർത്തിക്കുന്നത്. |
| (ബി) എന്തെല്ലാം ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങളാണ് ക്ലബ്ബുകൾ വഴി നടത്തി വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സ്കൂൾ ഉപഭോക്തൃ ക്ലബ്ബ് അംഗങ്ങളുടെ ഇടയിൽ ഉപഭോക്തൃകാര്യ വിഷയങ്ങൾ സംബന്ധിച്ച സംവാദം, ഉപന്യാസ മൽസരങ്ങൾ, ക്വിസ്സ് മൽസരങ്ങൾ, പെയിന്റിംഗ് മൽസരം എന്നിവ സംഘടിപ്പിക്കുന്നു. |
| (സി) വിദ്യാർത്ഥികൾക്ക് നേരിട്ട് വിപണിയിലെ വിലനിലവാരവും പ്രവർത്തനവും മനസ്സിലാക്കുന്നതിനും ഉപഭോക്തൃ അവകാശങ്ങൾ തിരിച്ചറിയുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ക്ലബ്ബുകളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ; | (സി) വിപണി സംബന്ധമായ സർവ്വേകൾ നടത്തുക, ലോക/ദേശീയ ഉപഭോക്തൃ ദിനങ്ങൾ ആചരിക്കുക, ക്ലബ്ബിന്റെ പ്രവർത്തനം സംബന്ധിച്ച് ബുള്ളറ്റിൻ/ ന്യൂസ് ലെറ്റർ എന്നിവ തയ്യാറാക്കുക, പ്രദർശനങ്ങൾ/തെരുവ് നാടകങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് ക്ലബ്ബുകളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം ധനസഹായമാണ് നൽകി വരുന്നത് ;വിശദാംശങ്ങൾ നൽകാമോ ? | (ഡി) സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ട 100 സ്കൂൾ ഉപഭോക്തൃ ക്ലബ്ബുകൾക്കായി, ക്ലബ്ബ് ഒന്നിന് 10,000/- രൂപ വീതം ആകെ 10 ലക്ഷം രൂപ കേന്ദ്ര ധനസഹായമായി അനുവദിച്ചു നൽകിയിരുന്നു. സംസ്ഥാനത്ത് 14 ജില്ലകളിലും സ്കൂൾ ഉപഭോക്തൃ ക്ലബ്ബുകൾ തുടങ്ങുന്നതിന് 60 ലക്ഷം രൂപയും നിലവിലുള്ള ക്ലബ്ബുകൾക്ക് അധിക ധനസഹായം നൽകുന്നതിന് 10 ലക്ഷം രൂപയും അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ